**പതിനാലാം കേരള നിയമസഭ**

ഒന്നാം **സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ** **13.07.2016 - ലെ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: 1263**

**സർക്കാർ ധനസഹായത്തോടെ ഭവന നിർമ്മാണം.**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ . ശ്രീ.എസ്. ശർമ്മ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സർക്കാർ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തുന്നവർക്ക് കെ.സി.ഇസഡ്.എം.എ യിൽ നിന്നുമുള്ള അനുമതി വൈകുന്നതുമൂലം ഭവന നിർമ്മാണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ എറണാകുളം ജില്ലയിലെ നിന്നുമുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ, ബി) & (സി) | തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരഭാഗത്തേക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമാണ്. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൈർഘ്യത്തിൽ അവികസിത മേഖലയും 200-500 മീറ്റർ വരെ നിയന്ത്രണ മേഖലയുമാണ്. പ്രസ്തുത 500 മീറ്റർ തീരദേശ നിയന്ത്രണ മേഖലയിൽ കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.<br>കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 30.03.2016 ൽ അവസാനിക്കുകയും പുതിയ അതോറിറ്റി കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം മുഖേന 10.06.2016 ൽ നിലവിൽ വരുകയും ചെയ്തു. പുതുക്കിയ വിജ്ഞാപനം അനുസരിച്ച് പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും യഥാക്രമം പുതിയ അതോറിറ്റിയുടെ ചെയർമാനും മെമ്പർ സെക്രട്ടറിയുമാണ്. ഈ അതോറിറ്റി നിലവിൽവന്നുവെങ്കിലും അതോറിറ്റിയെ സഹായിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതേയുള്ളു. ആയതിനാൽ 01.04.2016 മുതലുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. പുതിയ സംവിധാനം നിലവിൽ വന്നാലുടൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) മുൻഗണനാക്രമത്തിൽ അപേക്ഷകൾ പരിഗണിക്കുന്നതിനായുള്ള നിർദ്ദേശം നൽകാമോ; | (ഡി) | മുൻഗണനാക്രമത്തിലാണ് അപേക്ഷകൾ പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ